## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 526      **28.09.2016**-ലെ മറുപടിക്ക്

<u>പട്ടികജാതിഗ്രാമം പദ്ധതി</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.ബി.സത്യൻ</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സ്വയം പര്യാപ്ത പട്ടികജാതിഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം ആരംഭിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ ഇടവനക്കോണം, തോപ്പിൽ കോളനികളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;</td><td>(എ)</td><td>സ്വയം പര്യാപ്ത പട്ടികജാതിഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനം ആരംഭിച്ച ആറ്റിങ്ങൽ മണ്ഡലത്തിലെ ഇടവനക്കോണം, തോപ്പിൽ കോളനികളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് രണ്ട് ഗഡുക്കളായി 65 ലക്ഷം രൂപ വീതം അനുവദിച്ചു നൽകുകയും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും നിർവ്വഹണ ഏജൻസികളുടെ അവലോകന യോഗം നടത്തി പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത കോളനികളിലെ നവീകരണ പ്രവർത്തനങ്ങൾക്ക് എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കുമെന്നും വിശദമാക്കാമോ?</td><td>(ബി)</td><td>കോളനി നവീകരണത്തിന് അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു<br><table><tr><th>ക്രമ നം</th><th>കോളനി</th><th>അനുവദിച്ച തുക (രൂപ)</th><th>ചെലവഴിച്ച തുക (രൂപ)</th><th>ഏജൻസി</th></tr><tr><td>1</td><td>തോപ്പിൽ കോളനി</td><td>65,00,000/-</td><td>63,00,000/-</td><td rowspan="2">ജില്ലാ നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം</td></tr><tr><td>2</td><td>ഇടവനക്കോണം</td><td>65,00,000/-</td><td>41,00,000/-</td></tr></table>ടി കോളനികളിലെ പ്രവൃത്തികൾ 2016 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ